# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2662 20.06.2013 -ലെ മറുപടിക്ക്.**

## പ്ലസ് വൺ സീറ്റ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. എ.എ.അസീസ് | | ശ്രീ. പി. കെ. അബ്ദുറബ്ബ്<br>(ബഹു: വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) | സംസ്ഥാനത്ത് പ്ലസ് വണ്ണിന് എത്ര സീറ്റാണ് ഈവർഷം നിലവിലുളളത് ; | (എ) | 3,35,400 സീറ്റുകൾ |
| (ബി) | എസ്. എസ്. എൽ. സി. പാസ്സായ വിദ്യാർത്ഥികളുടെ എണ്ണത്തിനനുസരിച്ച് പ്ലസ് വണ്ണിന് സീറ്റ് നിലവിലില്ലാത്തതിനാൽ എസ്. എസ്. എൽ സി. പാസായ വിദ്യാർത്ഥികൾക്ക് ഉന്നത വിദ്യാഭ്യാസം നിഷേധിക്കപ്പെടുന്ന അവസ്ഥ പരിഹരിക്കുന്നതിന് എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശി ക്കുന്നതെന്ന് വ്യക്തമാക്കുമോ? | (ബി) | സംസ്ഥാനത്ത് ഒട്ടാകെ 148 ഗ്രാമ പഞ്ചായത്തുകളിൽ ഹയർസെക്കന്ററി സ്കൂൾ സർക്കാർ മേഖലയിലോ എയ്ഡഡ് മേഖലയിലോ നിലവിലില്ല എന്നതും എറണാകുളം മുതൽ വടക്കോട്ടുള്ള എട്ട് ജില്ലകളിൽ (എറണാകുളം,തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസറഗോഡ്) പ്ലസ് വൺ സീറ്റുകളുടെ അപര്യാപ്തതയും കണക്കിലെടുത്ത് സർക്കാർ മേഖലയിലോ എയ്ഡഡ് മേഖലയിലോ ഹയർസെക്കന്ററി സ്കൂളുകൾ ഇല്ലാത്ത സംസ്ഥാനത്തെ 148 ഗ്രാമ പഞ്ചായത്തുകളിൽ ഒരു പഞ്ചായത്തിൽ ഒരു സ്കൂളിൽ സയൻസ്, കോമേഴ്സ് എന്നിവയ്ക്ക് മുൻതൂക്കം കൊടുത്തുകൊണ്ട് രണ്ട് ബാച്ചുകൾ വീതം 296 ബാച്ചുകൾ അനുവദിക്കാനും അവശേഷിക്കുന്ന 382 ബാച്ചുകൾ എറണാകുളം മുതൽ വടക്കോട്ടുള്ള എട്ട് ജില്ലകളിൽ പ്ലസ് ടു പഠനത്തിനുള്ള സീറ്റുകളുടെ കുറവിനാനുപാതികമായും, |

അടിസ്ഥാന സൗകര്യങ്ങളും,
എസ്.എസ്.എൽ.സി പാസായ
കുട്ടികളുടെ എണ്ണവും കണക്കിലെടുത്തും
നിലവിലുള്ള ഗവൺമെന്റ്/എയ്ഡഡ്
ഹൈസ്കൂളുകൾ അപ്ഗ്രേഡ് ചെയ്ത്
രണ്ട് ബാച്ചുകൾ വീതം
അനുവദിക്കുന്നതിനും നിലവിലുള്ള
ഗവൺമെന്റ് /എയ്ഡഡ്
ഹയർസെക്കന്ററി സ്കൂളുകളിൽ ഒരു
സ്കൂളിൽ ഓരോ അധിക ബാച്ച് എന്ന
ക്രമത്തിൽ അധിക ബാച്ച്
അനുവദിക്കുന്നതിനും (ആകെ
ബാച്ചുകൾ 678 (296+382)
അപേക്ഷകൾ ക്ഷണിച്ചു കൊണ്ട്
വിജ്ഞാപനം പുറപ്പെടുവിച്ച്
അപേക്ഷകൾ സ്വീകരിക്കുന്നതിനുള്ള
നടപടി ക്രമങ്ങൾ പുരോഗമിക്കുന്നു.

സെക്ഷൻ ഓഫീസർ